MONDAY

15/09/2025

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : SINDHU. KS** **Editor : Dr. V. Krishnadas**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/09/2025

1. തിരുവനന്തപുരം ആനയറ വി എഫ് പി സി കെ കൃഷി ബിസിനസ്സ് കേന്ദ്രയിൽ വിവിധ ഇനങ്ങളിലുള്ള തെങ്ങിൻ തൈകൾ, മാവിൻ തൈകൾ, പ്ലാവിനങ്ങൾ, റംബൂട്ടാൻ, കമുക്, കുരുമുളക് വള്ളികൾ, ജൈവ ഉത്പാദനോപാധികൾ, ചാണകപ്പൊടി (സമ്പുഷ്ടീകരിച്ചത്), വേപ്പിൻപിണ്ണാക്ക്, എല്ലുപൊടി, മീൻവളം, കപ്പലണ്ടിപ്പിണ്ണാക്ക്, ബ്യൂവേറിയ, വെർട്ടിസീലിയം, ട്രൈക്കോ ഡെർമ, മെറ്റാറൈസിയം, എന്നിവയും വാഴ കൃഷിക്കും പച്ചക്കറി കൃഷിക്കും ആവശ്യമായ അയർ തുടങ്ങിയവ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ - 8289907652, 9495311486

2. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട പഞ്ചായത്തിലെ മുഴുവൻ വളർത്തുനായ്ക്കളെയും പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ നടത്തുന്നതിനും ലൈസൻസ് എടുക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ് നൽകുന്നതിനുമായി ഇന്ന് സെപ്തംബർ 15-ന (15-9-2025) കാനക്കോട് എൽ.പി.എസ്, പാപ്പനം അംഗനവാടി, കാരിഞ്ചൽ, അമ്പലത്തിൻകാല

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff



ക്ഷീരസംഘം, പേരൂർകോണം, കൊറ്റംപള്ളി, കൊമ്പാടിക്കൽ തമ്പുരാൻ ക്ഷേത്രം എന്നീ കേന്ദ്രങ്ങളിൽ വെച്ചും 16.09.2025 ന് പൊന്നറ ഭഗവതി ക്ഷേത്രം, കോട്ടപ്പുറം, മണലി സ്കൂൾ പരിസരം, കൊല്ലോട് ക്ഷേത്ര പരിസരം എന്നീ കേന്ദ്രങ്ങളിൽ വെച്ചും വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കുന്നു. പ്രസ്തുത ക്യാമ്പുകളിൽ വെച്ച് നായ്ക്കൾക്ക് സൗജന്യ നിരക്കിൽ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നു. നായ ഒന്നിന് വാക്സിനേഷൻ ചാർജ്ജായി 55 രൂപ (രൂപ അൻപത്തി അഞ്ച് മാത്രം) വീതം നൽകേണ്ടതാണ്.

## പരിശീലന പരിപാടി

3. ക്ഷീരവികസന വകുപ്പിൻ്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ 23 മുതൽ 24 വരെ 2 ദിവസങ്ങളിലായി "സുരക്ഷിതമായ പാൽ ഉല്പാദനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥി കൾ 2025 സെപ്റ്റംബർ 20-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി താഴെ കാണിച്ചിരിക്കുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിൻ്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ. ഫോൺ നം. 8089391209, 0476 2698550

4. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 17,18 തീയതികളിൽ **"വ്യാവസായികാടിസ്ഥാനത്തിലുള്ള പശുവളർത്തൽ"** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972-763473.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ എഞ്ചിനീയറിങ് ആന്റ് പ്രോസ്സസിങ് ഡിവിഷനിൽ 'ഓഫീസ് ട്രെയിനി'കളെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 'വാക്ക് ഇൻ ഇന്റർവ്യൂ' നടത്തുന്നു. അപേക്ഷകർ അറുപത് ശതമാനം മാർക്കോടെ കെമിസ്ട്രിയിലോ കൊമേഴ്സിലോ ബിരുദമോ ബിരുദാനന്തര ബിരുദമുള്ളവരോ കമ്പ്യൂട്ടറിൽ എം.എസ്.ഓഫീസ് (MS-Office) കൈകാര്യം ചെയ്യുന്നതിൽ ഒരുവർഷത്തെ പ്രവർത്തിപരിചയം ഉള്ളവരും ആയിരിക്കണം. അപേക്ഷകർക്ക് 2025 സെപ്റ്റംബർ 01–ന് 26 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 2025 സെപ്റ്റംബർ 16–ന് രാവിലെ 10 മണിക്ക് കോട്ടയത്ത് പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രത്തിലെ പ്രോസ്സസിങ് ആന്റ് ക്വാളിറ്റി കൺട്രോൾ ജോയിന്റ് ഡയറക്ടർ

മുമ്പാകെ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക.

6. 2025 വർഷത്തിൽ റബ്ബർ ഷീറ്റടിക്കാൻ റബ്ബർ റോളർ വാങ്ങിയതിനുള്ള ധനസഹായത്തിന് പട്ടികജാതിയിൽപ്പെട്ട കർഷകർക്ക് അപേക്ഷിക്കാം. റബ്ബർബോർഡ് വെബ്സൈറ്റിലുള്ള 'സർവീസ്പ്ലസ്' പോർട്ടൽ വഴി 2025 ഒക്ടോബർ 31 വരെ കർഷകർക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ് ലോഡ് ചെയ്യേണ്ടതാണ്. പട്ടികജാതിയിൽപ്പെട്ട റബ്ബർ കർഷകർക്ക് നാൽപതിനായിരം രൂപയോ റോളറിന്റെ വിലയുടെ 80 ശതമാനമോ ഇവയിൽ ഏതാണോ കുറവ് അത്രയും തുക ധനസഹായമായി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. വിശദവിവരങ്ങൾ റബ്ബർബോർഡ് വെബ്സൈറ്റിൽ (www.rubberboard.gov.in) നിന്ന് ലഭിക്കും. റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ലഭിക്കുന്നതാണ്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## കാർഷിക നിർദേശം

7. നെൽകർഷകർ കുലവാട്ടം, തവിട്ടുപുള്ളി രോഗം, ഇലപ്പേൻ, തണ്ടുതുരപ്പൻ മുതലായവക്കെതിരെ ജാഗ്രത പാലിക്കേണ്ടതാണ്. കുലവാട്ടം (ബ്ലാസ്റ്റ്) രോഗം സാധാരണയായി കണ്ടുവരാറുള്ള സ്ഥലങ്ങളിൽ നൈട്രജൻ വളങ്ങളുടെ അമിത ഉപയോഗം കുറക്കുക. തണ്ടുതുരപ്പനെതിരേ ട്രൈക്കോഗ്രാം മുട്ടകാർഡുകൾ ഫലവത്താണ്. കൃഷിഭവനുമായി ബന്ധപ്പെട്ടാൽ കാർഡുകൾ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കും. പറിച്ചു നട്ട് 30 ദിവസത്തിനകം പാടത്ത് 20 കിലോഗ്രാം ചാണകത്തിൽ 1 കിലോഗ്രാം സ്യൂഡോമോണാസ് എന്ന തോതിൽ കലർത്തി മണ്ണിൽ ചേർത്തു കൊടുക്കുന്നത് രോഗങ്ങൾ വരാതിരിക്കാൻ സഹായകമാകും. ഗുണനിലവാരമുള്ള സ്യൂഡോമോണാസ് അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ലഭ്യമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം